## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

## വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിലെ നിർമ്മാണാനുമതി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1769. 04.12.18- ൽ മറുപടി നൽകേണ്ടത്

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വിവിധ ജില്ലകളിലെ വാസയോഗ്യമായ സ്ഥലങ്ങളുടെ വിവരം ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 'മാസ്റ്റർ പ്ലാനുകളുടെയും നഗര ഗ്രാമാസൂത്രണ പദ്ധതികളുടെയും തയ്യാറാക്കൽ' എന്ന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ നഗരസഭാ പ്രദേശങ്ങൾക്കും മാസ്റ്റർ പ്ലാനുകൾ നഗര ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കുന്നുണ്ട്. ചില മാസ്റ്റർ പ്ലാനുകളിൽ ഒന്നിലധികം നഗരസഭാ പ്രദേശങ്ങളും സമീപ ഗ്രാമ പഞ്ചായത്തുകളും ഉൾപ്പെട്ടിട്ടുള്ളതാണ്. കൂടാതെ 'സംയോജിത വികസന രൂപ രേഖകളുടെയും പ്രാദേശിക വികസന രൂപ രേഖകളുടെയും തയ്യാറാക്കൽ' എന്ന പ്ലാൻ സ്കീമിൽ ഗ്രാമ പഞ്ചായത്തുകൾക്കായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നുണ്ട്. മാസ്റ്റർ പ്ലാനുകളിലെ ഭൂവിനിയോഗ മാപ്പിൽ വാസയോഗ്യമായ സ്ഥലങ്ങളെ വാസഗൃഹമേഖലയായി നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | വാസയോഗ്യമല്ലാത്ത സ്ഥലങ്ങളുടെ വിവരം മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; | (ബി) | മാസ്റ്റർ പ്ലാനുകളിൽ വാസയോഗ്യമല്ലാത്ത സ്ഥലങ്ങളേയും പ്രത്യേക സംരക്ഷണം/നിയന്ത്രണം ആവശ്യമുള്ള പ്രദേശങ്ങളെയും പ്രത്യേക മേഖലകളായി വേർതിരിച്ച് കാണിക്കുന്നുണ്ട്. |
| (സി) | വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ നിർമ്മാണാനുമതി നൽകിയത് സംബന്ധിച്ച വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ; | (സി) | വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ നിർമ്മാണാനുമതി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കോസ്റ്റൽ റഗുലേഷൻ സോൺ നിയമം ലംഘിച്ച് തദ്ദേശ-സ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മാണാനുമതി നൽകി-യതിന്റെ വിശദവിവരം ലഭ്യ-മാക്കുമോ; | (ഡി) | കോസ്റ്റൽ റഗുലേഷൻ സോൺ നിയമം ലംഘിച്ച് നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് അനുമതി നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെ ചുമതലകൾ വ്യക്തമാക്കുമോ; തോട്,പുഴ,കായൽ എന്നിവ-യുടെ തീരങ്ങളിൽ നടക്കുന്ന നിർമ്മാണങ്ങൾ തടയുന്നതിന് ടൗൺ പ്ലാനിംഗ് വിഭാഗത്തിന് സംവിധാനമുണ്ടോ ; | (ഇ) | 2016 നഗര ഗ്രാമാസൂത്രണ ആക്റ്റിലെ സെക്ഷൻ 10-ലും 11-ലും നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. മാസ്റ്റർ പ്ലാനിലെ ഭൂവിനിയോഗ മാപ്പിൽ തോട്, പുഴ, നദി, കായൽ, നീർച്ചാലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ വ്യക്തമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, നിർമ്മാണങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ട്. |
| (എഫ്) | അവധി ദിവസങ്ങളിലെ അന-ധികൃത നിർമ്മാണങ്ങൾ തടയു-ന്നതിന് ടൗൺ പ്ലാനിംഗ് വിഭാഗം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; തോട് , പുഴ , നദി, കായൽ, നീർച്ചാലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ മാസ്റ്റർ പ്ലാനിൽ വ്യക്തമാക്കി പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (എഫ്) | കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 157, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 148 എന്നിവ അനുസരിച്ച് ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെ ജില്ലാതല വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തുടർച്ചയായി വരുന്ന അവധി ദിവസങ്ങളിൽ ടൗൺ പ്ലാനിംഗ് വകുപ്പിലെ ജില്ലാ ഓഫീസുകളിലെ ഉദ്യോഗസ്ഥർ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണം കണ്ടുപിടിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകളുമായി ചേർന്ന് പ്രവർത്തിച്ച ടി നിർമ്മാണങ്ങളെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാറുമുണ്ട്.<br><br>മാസ്റ്റർ പ്ലാനുകളിലെ ഭൂവിനിയോഗ മാപ്പിൽ തോട്, പുഴ, നദി, കായൽ, നീർച്ചാലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ഇ) 2016 നഗരഗ്രാമാസൂത്രണ ആക്ടിലെ സെക്ഷൻ 10-ലും 11 ലും നഗരഗ്രാമാസൂത്രണ വകുപ്പിന്റെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്.

(1) നഗര ഗ്രാമാസൂത്രണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ സർക്കാരിനെ ഉപദേശിക്കുന്നതിനും സാങ്കേതിക സഹായം നൽകുക എന്നതാണ് നഗര ഗ്രാമാസൂത്രണ വകുപ്പിന്റെ പൊതു ഉത്തരവാദിത്വം ചീഫ് ടൗൺ പ്ലാനറുടെ ചുമതലകളായി (ഇത് വകുപ്പിന്റെ ചുമതലകളായി കരുതാം) ആക്ടിലെ സെക്ഷൻ 11 ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ താഴെ ചേർക്കുന്നു.

എ) സംസ്ഥാനത്തെ നഗര-ഗ്രാമ പ്രദേശങ്ങളിലെ സ്ഥലപരമായ വികസനം സംബന്ധിച്ചും അതുമായി ബന്ധപ്പെട്ട സംസ്ഥാനത്തിന്റേയും കേന്ദ്രത്തിന്റെയും പരിപാടികൾ നടപ്പിലാക്കുകയും ചെയ്യുന്നതിൽ സർക്കാരിനെ ഉപദേശിക്കുകയും സാങ്കേതിക സഹായം നൽകുക.

ബി) സംസ്ഥാന നഗരഗ്രാമാസൂത്രണ ബോർഡിനെ ഏല്പിച്ച ചുമതലകൾ നിർവ്വഹിക്കുന്നതിന് ബോർഡിന് ഉപദേശം നൽകുകയും സാങ്കേതിക സഹായം നൽകുകയും ചെയ്യുക.

സി) ജില്ല ആസൂത്രണ കമ്മിറ്റികൾക്കും മെട്രോ പൊളിറ്റൻ ആസൂത്രണ കമ്മിറ്റികൾക്കും വികസന അതോറിറ്റികൾക്കും ജോയിന്റ് ആസൂത്രണ കമ്മിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും മുനിസിപ്പൽ കൗൺസിലുകൾക്കും ടൗൺ പഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും നഗരഗ്രാമാസൂത്രണ ആക്ട് പ്രകാരം അവർക്ക് നൽകപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിന് സാങ്കേതിക ഉപദേശവും മാർഗ്ഗ നിർദ്ദേശവും പിന്തുണയും നൽകുക.

ഡി) നഗരഗ്രാമാസൂത്രണ ആക്ട് ആക്റ്റ് പ്രകാരം തയ്യാറാക്കപ്പെട്ട വിവിധ പ്ലാനുകൾ സൂക്ഷ്മ പരിശോധന നടത്തുന്നതിനായി സർക്കാർ ഉപദേശവും സാങ്കേതിക സഹായവും നൽകുക.

ഇ) ഒരു ജോയിന്റ് ആസൂത്രണ കമ്മിറ്റിയോ മുനിസിപ്പൽ കോർപ്പറേഷനോ മുൻസിപ്പൽ കൗൺസിലോ ടൗൺ പഞ്ചായത്തോ, ഗ്രാമപഞ്ചായത്തോ, അതതു സംഗതി പോലെ വീഴ്ച വരുത്തുന്ന സന്ദർഭത്തിൽ സർക്കാർ അപ്രകാരം നിർദ്ദേശം നൽകുകയാണെങ്കിൽ മാസ്റ്റർ പ്ലാനുകളും വിശദമായ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുകയോ തയ്യാറാക്കിക്കുകയോ ചെയ്യുക.

എഫ്) സംസ്ഥാനത്തെ നഗര-ഗ്രാമ പ്രദേശങ്ങളുടെ സ്ഥലപര ആസൂത്രണവും വികസനവുമായി ബന്ധപ്പെട്ട്, ഇൻ-ഹൗസ് സൗകര്യവും, ഔട്ട്സോഴ്സിഗും വഴി അല്ലെങ്കിൽ ഇൻ-ഹൗസ് സൗകര്യമോ, ഔട്ട് സോഴ്സിംഗോ വഴി, നയങ്ങളും തന്ത്രങ്ങളും മാനദണ്ഡങ്ങളും നിലവാരങ്ങളും നിയമങ്ങളും രൂപീകരിക്കുന്നതിനായി ആവശ്യമായ ഗവേഷണ വിവരങ്ങളും മറ്റ് പഠനങ്ങളും ഏർപ്പെടുത്തുകയോ സംഘടിപ്പിക്കുകയോ ചെയ്യുക.

സ്ഥലപരാസൂത്രണവുമായി ബന്ധപ്പെട്ട് മാനവ വിഭവശേഷി പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

എച്ച്) നഗര-ഗ്രാമാസൂത്രണ ആക്റ്റിന്റെ XII-ാം അദ്ധ്യായത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കേരള അർബൻ ആർട്ട് കമ്മീഷന്റെ എക്സ്-ഒഫീഷ്യോ മെമ്പർ സെക്രട്ടറിയായുള്ള ചുമതലകൾ നിർവ്വഹിക്കുക.

ഐ) സ്ഥലപരാസൂത്രണവുമായി ബന്ധപ്പെട്ട് മുഖ്യ നഗരാസൂത്രകന് ആവശ്യമെന്ന് തോന്നുന്നതും സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കാവുന്നതുമായ മറ്റേതെങ്കിലും ചുമതല നിർവ്വഹിക്കുക.

നഗര-ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളിലെ ഭൂവിനിയോഗ സർവ്വേ, റവന്യൂ രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്നഭൂവിനിയോഗ മാപ്പിൽ തോട്, പുഴ, നദി, കായൽ, നീർച്ചാലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, നിർമ്മാണങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിവരുന്നുണ്ട്.

എഫ്) കേരള മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ KMBR-99 ചട്ടം 157, KPBR ചട്ടം 148 എന്നിവ അനുസരിച്ച് ജില്ലാതല വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തുടർച്ചയായി വരുന്ന അവധി ദിവസങ്ങളിൽ . സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഈ

വകുപ്പിലെ ജില്ലാ ഓഫീസുകളിലെ ഉദ്യോഗസ്ഥർ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണം കണ്ടുപിടിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകളുമായി ചേർന്ന് പ്രവർത്തിക്കുകയും ടി നിർമ്മാണങ്ങളെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാറുമുണ്ട്.

നഗര-ഗ്രാമാസൂത്രണ വകുപ്പ് തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളിലെ ഭൂവിനിയോഗ സർവ്വേ, റവന്യൂ രേഖകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഭൂവിനിയോഗ മാപ്പിൽ തോട്, പുഴ, നദി, കായൽ, നീർച്ചാലുകൾ, തണ്ണീർത്തടങ്ങൾ എന്നിവ വ്യക്ത മാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ, നിർമ്മാണങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ട്